**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1548** **30-08-2022 - ൽ മറുപടിയ്ക്ക്**

**തുറമുഖ മണൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തുറമുഖങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും തുറമുഖ മണൽ മാന്വൽ ഡ്രെഡ്ജിംഗ് മുഖേന നീക്കം ചെയ്യുന്നതിനും അതുവഴി ശേഖരിക്കുന്ന മണൽ സുതാര്യമായ മാർഗ്ഗത്തിലൂടെ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കൊല്ലം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം തുറമുഖങ്ങളെ വികസിപ്പിച്ച് തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന് വേണ്ടി ഈ തുറമുഖങ്ങളിൽ ബെർത്ത് ക്രെയിനുകൾ, ടഗ്ഗുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ തുറമുഖങ്ങളിൽ ISPS കോഡ് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലേക്കുള്ള യാനങ്ങളുടെ സഞ്ചാരം സുഗമമാക്കുന്നതിലേക്കായി മാനുവൽ ഡ്രഡ്ജിംഗ് നടത്തുന്നുണ്ട് . 2017 വരെ രജിസ്റ്റർ ചെയ്ത തൊഴിലാളി സഹകരണ സംഘങ്ങളാണ് ഡ്രഡ്ജിംഗ് നടത്തി മണൽ വിൽപ്പന നടത്തി വന്നിരുന്നത്. 2017 ലെ മാനുവൽ ഡ്രഡ്ജിംഗ് നയത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളെ ഡ്രഡ്ജിംഗിൽ നിന്ന് ഒഴിവാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഈ പ്രവർത്തനം ഏൽപ്പിച്ചു. ഇപ്രകാരം മാനുവൽ ഡ്രഡ്ജിംഗ് നടത്തി ലഭിക്കുന്ന മണൽ തുറമുഖ വകുപ്പിന്റെ ഓൺലൈൻ സൈറ്റിൽ ബുക്കിങ് നടത്തുന്നവർക്ക് മുൻഗണനാക്രമത്തിൽ അനുവദിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം തുറമുഖങ്ങളിലാണ് മാന്വൽ ഡ്രെഡ്ജിംഗ് ആരംഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം പഞ്ചായത്തുകൾക്കാണ് അതിന് അനുമതി നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | നിലവിൽ കേരളത്തിലെ ആറ് തുറമുഖങ്ങളിൽ മാന്വൽ ഡ്രെഡ്ജിംഗ് നടന്നു വരുന്നു. ഇതിന്റെ ചുമതല അതാത് പ്രദേശങ്ങളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. തുറമുഖങ്ങളുടേയും പഞ്ചായത്തുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| തുറമുഖങ്ങളുടെ വിവരങ്ങൾ | പഞ്ചായത്തുകളുടെ വിവരങ്ങൾ |
|---|---|

| | | | | | |
|---|---|---|---|---|---|
| | | | | പൊന്നാനി | 1. പൊന്നാനി നഗരസഭ<br>2. പുറത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | | | വടകര | 1. വടകര നഗര സഭ<br>2. പയ്യോളി നഗര സഭ |
| | | | | ബേപ്പൂർ | 1. കോഴിക്കോട് കോർപ്പറേഷൻ<br>2. ഫറോക്ക് മുനിസിപ്പാലിറ്റി |
| | | | | കൊടുങ്ങല്ലൂർ | 1. എറിയാട് പഞ്ചായത്ത്<br>2. പള്ളിപ്പുറം പഞ്ചായത്ത |
| | | | | അഴീക്കൽ | 1. അഴീക്കോട് പഞ്ചായത്ത്<br>2. വളപട്ടണം പഞ്ചായത്ത്<br>3. പാപ്പിനിശ്ശേരി പഞ്ചായത്ത്<br>4. മാട്ടൂൽ പഞ്ചായത്ത് |
| | | | | കാസർഗോഡ് | 1. കാസർഗോഡ് മുനിസിപ്പാലിറ്റി<br>2. നീലേശ്വരം മുനിസിപ്പാലിറ്റി<br>3. ചെമ്മനാട് പഞ്ചായത്ത<br>4. മഞ്ചേശ്വരം പഞ്ചായത്ത്<br>5. കുമ്പള പഞ്ചായത്ത്<br>6. മുഗ്രാൽ പഞ്ചായത്ത്<br>7. ചെറുവത്തൂർ പഞ്ചായത്ത്<br>8. പടന്ന പഞ്ചായത്ത് |
| (സി) | പ്രസ്തുത ഉറമുഖങ്ങളോടനുബന്ധിച്ചുള്ള പ്രദേശത്തെ മണൽക്ഷാമത്തിന് പരിഹാരം കാണുന്നതിനും നിർമാണമേഖലയ്ക്ക് ഉണർവേകുന്നതിനും ഇതുവഴി സാധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. | | |

| | | | |
|---|---|---|---|
| (ഡി) | മണൽ വിതരണം സുഗമവും സുതാര്യവുമായി നടത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ; | (ഡി) | മാമ്പൽ ഡ്രെഡ്ജിംഗിലൂടെ ലഭിക്കുന്ന മണൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള കടവുകളിൽ നിന്നും തുറമുഖ വകുപ്പിന്റെ ഓൺലൈൻ സൈറ്റ് വഴിയാണ് വില്പന നടത്തുന്നത്. തുറമുഖ വകുപ്പിന്റെ ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം മണൽ ബുക്ക് ചെയ്യുന്ന ഉപഭോക്താക്കളുടെ അപേക്ഷ പരിശോധിച്ച് മണൽ വില ബാങ്കിൽ ഒടുക്കുന്ന മുറയ്ക്ക് മണൽ കൊണ്ടുപോകുന്നതിനുള്ള അനുമതി നല്കി വരുന്നു. |
| (ഇ) | മാമ്പൽ ഡ്രെഡ്ജിംഗ് വിവിധ തുറമുഖങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | തുറമുഖ ചാനലുകളിൽ ജലയാനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് വിഘാതം സൃഷ്ടിക്കുന്ന പദാർത്ഥങ്ങളെ നീക്കം ചെയ്യാനാണ് മാമ്പൽ ഡ്രെഡ്ജിംഗ് നടത്തുന്നത്. ഇപ്രകാരം ആഴം കൂട്ടേണ്ടതായ തുറമുഖ പ്രദേശങ്ങളിൽ മാമ്പൽ ഡ്രെഡ്ജിംഗ് നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ